# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4654** **02-07-2024 - ൽ മറുപടിയ്ക്ക്**

### മൂന്നാംകടവ് മിനി അണക്കെട്ട് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് മിനി അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മൂന്നാംകടവ് മിനി അണക്കെട്ട് നിർമ്മാണത്തിന്റെ ഭാഗമായി 75 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് കാസറഗോഡ് വികസന പാക്കേജിൽ നിന്നും അനുമതി നൽകുകയും ആദ്യഘട്ടം എന്ന നിലയിൽ Topographic survey ആരംഭിക്കുകയും ചെയ്തു. സർവ്വ നടത്തുന്നതിനെതിരെ ഒരു വിഭാഗം നാട്ടുകാർ പ്രതിഷേധിക്കുകയും ഇപ്പോൾ സർവ്വേ തടസ്സപ്പെട്ട അവസ്ഥയിലുമാണ്.<br><br>അണക്കെട്ട് നിർമ്മാണത്തിന്റെ ഭാഗമായി മാറ്റി പാർപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം സർവ്വേ പൂർത്തിയാക്കിയാൽ മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അണക്കെട്ട് നിർമ്മാണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരുമെന്ന് അറിയിക്കുമോ; | (ബി) | മൂന്നാംകടവ് മിനി അണക്കെട്ട് നിർമ്മാണത്തിന്റെ ഭാഗമായി 75 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് കാസറഗോഡ് വികസന പാക്കേജിൽ നിന്നും അനുമതി നൽകുകയും ആദ്യഘട്ടം എന്ന നിലയിൽ Topographic survey ആരംഭിക്കുകയും ചെയ്തു. സർവ്വ നടത്തുന്നതിനെതിരെ ഒരു വിഭാഗം നാട്ടുകാർ പ്രതിഷേധിക്കുകയും ഇപ്പോൾ സർവ്വേ തടസ്സപ്പെട്ട അവസ്ഥയിലുമാണ്.<br><br>അണക്കെട്ട് നിർമ്മാണത്തിന്റെ ഭാഗമായി മാറ്റി പാർപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം സർവ്വേ പൂർത്തിയാക്കിയാൽ മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഈ അണക്കെട്ട് നിർമ്മിക്കുന്നതിലൂടെ ശേഖരിക്കുന്ന ജലം ഏതെല്ലാം പ്രദേശങ്ങളിലെ കുടിവെള്ള, കാർഷിക, ജലസേചന ആവശ്യങ്ങൾക്ക് ഉപകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | മൂന്നാംകടവ് മിനിഡാം നിർമ്മിക്കുന്നതിലൂടെ ഇതിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ ഉൾപ്പെടുന്ന കാസറഗോഡ്-ഹോസ്ദുർഗ് താലൂക്കുകളിലെ ബേഡഡുക്ക, കുറ്റിക്കോൽ, കള്ളാർ, കോടോം-ബേളൂർ, പുല്ലൂർ-പെരിയ, എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള, കാർഷിക ജലസേചന ആവശ്യങ്ങൾക്ക് ഉപകരിക്കും. കൂടാതെ ജലജീവൻ മിഷന്റെ ഭാഗമായി വിവിധ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്കും ഉപകരിക്കും. |
| (ഡി) | കാസർഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച ഉദുമ മണ്ഡലത്തിലെ എരഞ്ഞിപ്പുഴ ചെക്ക് ഡാമിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ? | (ഡി) | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഡിസൈൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ